**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1029** **06-10-2021 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ളമോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കുടിവെള്ള മോഷണം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിവെള്ള മോഷണം, ജലത്തിന്റെ ദുരുപയോഗം, ജലമോഷണം എന്നിവ തടയുന്നതിനായുള്ള റവന്യൂ വാട്ടർ മാനേജ്മെൻറ് & ആൻറി വാട്ടർ തെഫ്റ്റ് സ്ക്വാഡ് കൊച്ചിയിൽ പ്രവർത്തിച്ചു വരുന്നു. മോട്ടോറുകൾ വിതരണ ശൃംഖലയിലേക്ക് നേരിട്ട് ഘടിപ്പിക്കുക, വിതരണ ശൃംഖലയിൽ നിന്നും നേരിട്ട് നടത്തുന്ന ജലമോഷണം, പൊതു ടാപ്പുകളുടെ ദുരുപയോഗം, നിർമ്മാണ പ്രവർത്തനങ്ങൾക്കായി കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത് എന്നീ പ്രവർത്തികൾ കണ്ടെത്തുകയും, വാട്ടർ സപ്ലൈ & സീവറേജ് ആക്ട് 1986 പ്രകാരം ഉചിതമായ നടപടികൾ സ്വീകരിക്കുകയും പിഴ ചുമത്തുകയും ചെയ്തു വരുന്നു. പൊതു ടാപ്പുകളിലെ ജല ദുരുപയോഗം ശ്രദ്ധയിൽപ്പെടുമ്പോൾ കത്ത് മുഖേനയും ഫോൺ മുഖേനയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഭാഗത്ത് നിന്നും അറിയിപ്പുകൾ ലഭിക്കുന്നുണ്ട്. മാത്രമല്ല വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡർമാർ, ഓവർസിയേഴ്സ് തുടങ്ങിയ ഫീൽഡ് ജീവനക്കാർ നടത്തുന്ന സന്ദർശനം മുഖേനയും ജല ദുരുപയോഗം കണ്ടെത്തി വരുന്നുണ്ട്. ജലമോഷണം, ദുരുപയോഗം എന്നിവ ശിക്ഷാർഹമാണെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിൽ എത്തിച്ച് അവബോധം നൽകാറുണ്ട്. |
| (ബി) | സംസ്ഥാനത്ത് പകർച്ചപ്പനി മുതലായ രോഗങ്ങൾ കൂടുന്ന സാഹചര്യത്തിൽ ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീടുകളിലെത്തി പരിശോധിക്കാൻ നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീടുകളിലെത്തി പരിശോധിക്കാൻ നിലവിൽ സംവിധാനം ഇല്ല. എന്നാൽ സംസ്ഥാനത്ത് വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നത് എന്ന് |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന പ്രവർത്തികൾ നിലവിൽ നടപ്പിലാക്കി വരുന്നു. 1. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ച് വരുന്നു. 2. പരിശോധന ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും, വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ് വെയർ ഉപയോഗിച്ച് വരുന്നുണ്ട്. 3. സംസ്ഥാനത്തെ 8 ജില്ലാ ലാബുകൾ ജലജീവൻ പദ്ധതിയുടെ ഭാഗമായി ISO/IEC 17025 നിലവാരത്തിലേയ്ക്ക് ഉയർത്തി NABLഅക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്. 4. സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടു തവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ യൂണിറ്റിനെ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ